"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 2217-05-051-98 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8 കോടി രൂപയിൽ നിന്നും FRBL-ന് ആദ്യ ഗഡു നൽകുന്നതിനായി 3 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.808/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/04/2020

---

പരാമർശം:- 1 സ.ഉ. (സാധാ.) നം.190/2019/തസ്വഭവ തീയതി 29.01.2019

2 സ.ഉ. (സാധാ.) നം.468/2019/തസ്വഭവ തീയതി 01.03.2019

3 സ.ഉ.(ആർ.ടി.) നം.2432/2019/തസ്വഭവ തീയതി 2.11.2019

4 നഗരകാര്യഡയറക്ടറുടെ 23.4.2020-ലെ ഡിസി2/ 19072/2018 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി രൂപ വീതം ആകെ 12 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനമായ FACT-RCF Building Products Ltd. (FRBL)-നെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തു.

2) 2018-19 സാമ്പത്തിക വർഷം പ്രോജക്ട് നിർവ്വഹണം ആരംഭിച്ചുവെങ്കിലും പല സാങ്കേതിക കാരണങ്ങളാൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതിരുന്നതിനാൽ 12 കോടി രൂപ Electronic Ledger-ലേയ്ക്ക് മാറ്റുകയും ഇതിൽ നിന്നും FRBL-ന് ആദ്യ ഗഡു നൽകുന്നതിന് പരാമർശം(3) ഉത്തരവ് പ്രകാരം 4.15 കോടി രൂപ അനുവദിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കോടി രൂപ വീതം പിറവം, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് നഗരകാര്യ ഡയറക്ടർ അലോട്ട് ചെയ്തിരുന്നു. എന്നാൽ ways and means clearance ലഭിക്കാത്തതിനാൽ Bill Discounting System അനുസരിച്ച് State Bank of India വഴി തുക അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും 2019-20 സാമ്പത്തിക വർഷവും തുക ലഭിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ പുതിയതായി രൂപീകരിച്ച നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കാൻ 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2217-05-051-98 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8 കോടി രൂപയിൽ നിന്നും FRBL-ന് ആദ്യ ഗഡു നൽകുന്നതിന് 3 കോടി രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം(4) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതിയതായി രൂപീകരിച്ച നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2217-05-051-98 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8 കോടി രൂപയിൽ നിന്നും നഗരകാര്യ ഡയറക്ടറുടെ

അഭ്യർത്ഥന പരിഗണിച്ച് , FRBL-ന് ആദ്യ ഗഡു നൽകുന്നതിനായി 3 കോടി രൂപ പരാമർശം (1) & (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജന് സി വി ഐ എ സ്**
**ഡെപ്യൂട്ടിസെക്രട്ടറി**

ചെയർമാൻ പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ് , തിരുവനന്തപുരം
സെക്രട്ടറി, പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് നഗരസഭ
അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ (ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഐ & പി.ആർ (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി /കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.04.30 16:53:22 IST
Reason: Approved
സെക്ഷൻ ഓഫീസർ